2025-2026

# ACADEMIC MASTER PLAN



"Education is not only the birthright of every human being, but also the key to unlock the golden door of freedom.":Dr.B.R.Ambedkar

# GHS KUTTIKKOL

Education fosters critical thinking, problem-s... ls and creativity, leading to personal growth a... understanding of oneself and the world.

Equality and Empowerment:
Education helps to reduce inequalities an... individuals to achieve their full potential.

G... nt:
E... driver of progress in developing nations, ... rovements in health, poverty reduction, and ... wel...

G... lo... nt:
E... driver of progress in developing nations, leading to improvements in health, poverty reduction, and ...

Education is ... ul ... f... sitiv... ange, ... fitin... d s... s an investment that yields s... ret... n... onal... th, ec... ic p... oc... s.

Kuttikkol.P.O, Kasaragod .671541.Email:11074ghskuttikol@gmail.com

# ഗവ.ഹൈസ്കൂൾ കുറ്റിക്കോൽ



## പൊതുവിവരങ്ങൾ

1. റവന്യൂജില്ല : കാസറഗോഡ്
2. വിദ്യാഭ്യാസജില്ല : കാസറഗോഡ്
3. ഉപജില്ല : കാസറഗോഡ്
4. സ്കൂൾ കോഡ് : 11074
5. യൂഡയസ് കോഡ് : 32010300815
6. സ്കൂളിന്റെ പേര് : ഗവ.ഹൈസ്കൂൾ കുറ്റിക്കോൽ
7. മാനേജ്മെന്റ് : കേരള സർക്കാർ
8. മേൽവിലാസം : കുറ്റിക്കോൽ.പി.ഒ,കാസറഗോഡ്,പിൻ.671541
9. സ്കൂൾ തലം : ക്ലാസ്സ് 8 മുതൽ 10 വരെ
10. ഇ മെയിൽ : 11074ghskuttikol@gmail.com
11. ഗ്രാമ പഞ്ചായത്ത് : കുറ്റിക്കോൽ
12. ബ്ലോക്ക് പഞ്ചായത്ത് : കാറഡുക്ക
13. ജില്ലാ പഞ്ചായത്ത് : കാസറഗോഡ്
14. പഠനമാധ്യമം : മലയാളം,ഇംഗ്ലീഷ്

<u>സ്കൂൾ നേതൃത്വം</u>

പ്രധാനാധ്യാപകൻ : കൃഷ്ണൻ.എ.എം

പി.ടി.എ പ്രസിഡണ്ട് : രാജേഷ് ബാബു

മദർ പി ടി എ പ്രസിഡണ്ട് : രാഗിണി വി

എസ്.എം.സി ചെയർമാൻ : ബാലകൃഷ്ണൻ



## കാഴ്ചപ്പാട്

"വിദ്യാഭ്യാസപരമായ നേട്ടങ്ങൾ കൈവരിക്കുന്നതിനും സാമ്പത്തികമായി അഭിവൃദ്ധിപ്പെടുന്നതിനും ആഗോളസമൂഹത്തിൽ സംഭാവനകൾ നൽകുന്നതിനും ആവശ്യമായ അറിവും കഴിവുകളും മനോഭാവങ്ങളും മൂല്യങ്ങളും ഉള്ള വിദ്യാർത്ഥികളെ പരിശീലിപ്പിച്ചെടുക്കുന്നതിനും കായികപരമായ ഔന്നത്യം നേടാൻ പ്രാപ്തരാക്കുന്നതിനുമുള്ള വിജ്ഞാനകേന്ദ്രമായി സ്കൂളിനെ മാറ്റിയെടുക്കുക എന്നതാണ് ഞങ്ങളുടെ കാഴ്ചപ്പാട്"

## VISION

“Our vision is to transform the school into a knowledge centre that trains students with the knowledge,skills,attitudes, and values necessary to achieve academic success,thrive economically, and contribute to the global community,as well as to enable them to achieve athletic excellence”

ആമുഖം

കുറ്റിക്കോലിലെ ജനങ്ങളുടെ ചിരകാല അഭിലാഷമായിരുന്നു ഒരു ഗവണ്മെന്റ് ഹൈ സ്കൂൾ. ശ്രീ പി. രാഘവൻ അവിഭക്ത ബേഡഡുക്ക പഞ്ചായത്ത് പ്രസിഡന്റായിരുന്ന സമയത്ത് പഞ്ചായത്ത് ഭരണസമിതിയുടെ നേതൃത്വത്തിൽ കുറ്റിക്കോലിൽ ഹൈ സ്കൂളിന് വേണ്ടിയുള്ള ശ്രമങ്ങൾ ആരംഭിച്ചു. തുടർന്ന് ശ്രീ. കെ. എൻ. കുഞ്ഞിരാമൻ നമ്പ്യാരുടെ നേതൃത്വത്തിൽ കുറ്റിക്കോൽ AUPS ഹെഡ്മാസ്റ്റർ ആയിരുന്ന പി. ജനാർദനൻ മാസ്റ്ററുടെ പ്രവർത്തനങ്ങൾ ആരംഭിച്ചു. RMSA പദ്ധതി പ്രകാരം ആദ്യഘട്ടത്തിൽ സ്കൂൾ അനുവദിച്ചപ്പോൾ കുറ്റിക്കോൽ ഹൈ സ്കൂൾ ലിസ്റ്റിൽ ഉണ്ടായിരുന്നില്ല. തുടർന്ന് ബഹുമാന്യനായ ശ്രീ. പി. കരുണാകരൻ. എം. പിയുടെ ഇടപെടൽ മൂലം RMSA യുടെ രണ്ടാമത്തെ ലിസ്റ്റിൽ കുറ്റിക്കോൽ ഹൈ സ്കൂളിന് സ്ഥാനം ലഭിച്ചു. ശ്രീ. വി.എസ്. അച്യുതനന്ദൻ മുഖ്യമന്ത്രി ആയിരുന്ന കാലത്ത് കേന്ദ്ര ഗവണ്മെന്റ് അംഗീകാരത്തിനായി അപേക്ഷിക്കുകയും തുടർന്ന് ശ്രീ പി. കരുണാകരൻ എം.പി, പി. ഗംഗാധരൻ നായർ എന്നിവരുടെ സജീവമായ ഇടപെടൽ മൂലം കേന്ദ്രത്തിൽ നിന്ന് അംഗീകാരം ലഭിക്കുകയും, ധനവകുപ്പിന്റെ അംഗീകാരം വൈകിയത് കാരണം തീരുമാനം നടപ്പിലാക്കാൻ കാലതാമസം നേരിടുകയും ചെയ്തു. തുടർന്ന് ഉദുമ MLA ശ്രീ. കെ. കുഞ്ഞിരാമൻ അവർകളുടെ ഇടപെടലും, ശ്രീ പത്മനാഭൻ മാസ്റ്ററുടെ നിരന്തരം ശ്രമ ഫലമായും 24/04/2013 ന് RMSA പദ്ധതി പ്രകാരം കുറ്റിക്കോൽ ഹൈസ്കൂൾ അനുവദിച്ചുകൊണ്ടുള്ള ഉത്തരവായി. 29/04/2013 ന് B2/14485/2012 ഉത്തരവ് പ്രകാരം 8,9 ക്ലാസുകൾ ആരംഭിച്ചു.

കുറ്റിക്കോൽ സ്കൂൾ ഇന്ന്

6 1/2 ഏക്കർ സ്ഥലം വിദ്യാലയത്തിന് സ്വന്തമായുണ്ട്.രണ്ട് കോടി രൂപയുടെ NABARD ഫണ്ട് ഉപയോഗിച്ച് 8 ക്ലാസ്സ് മുറികൾ ഉള്ള പുതിയ കെട്ടിടത്തിന്റെയും അസംബ്ലി ഹാളിന്റെയും നിർ മ്മാണം പൂർത്തിയായി.വൈദ്യുതീകരണം നടക്കാത്തതിനാൽ കെട്ടിടത്തിൽ ക്ലാസ്സുകൾ തുടങ്ങാൻ കഴിഞ്ഞിട്ടില്ല. 4 കെട്ടിടങ്ങളിലായി 17 ക്ലാസ്സ് മുറികളും ജില്ലാ വികസന പാക്കേജിൽ നിന്നുംഅനുവദിച്ച 3 ക്ലാസ്സ് മുറികളും ജില്ലാ പഞ്ചായത്ത് അനുവദിച്ചു നിർമ്മിച്ച അടുക്കളയും വിദ്യാലയത്തിനു സ്വന്തമായുണ്ട്. വിദ്യാലയത്തിൽ ബ്രോഡ്ബാൻഡ് ഇന്റർനെറ്റ് സൗകര്യം ലഭ്യമാണ്.

400 മീറ്റർ ട്രാക്കോടെയുള്ള കളിസ്ഥലം നിർമ്മിക്കുന്നതിന് ബഹുമാനപ്പെട്ട എം.എൽ.എ സി.എച്ച്.കുഞ്ഞമ്പു അവർകളുടെയും സ്പോർട്സ് കൗൺസിലിന്റെയും സഹായത്തോടുകൂടി അനുവദിച്ച ഫണ്ടുപയോഗിച്ച് ഗ്രൗണ്ട് നിർമ്മാണം പുരോഗമിക്കുന്നു.

8,9,10 ക്ലാസ്സുകളിലായി 187 ആൺകുട്ടികളും 107 പെൺകുട്ടികളും ഉൾപ്പെടെ ആകെ 294 കുട്ടികൾ സ്കൂളിൽ 2025-26 വർഷം പഠിക്കുന്നു.അതിൽ 99 കുട്ടികൾ പട്ടിക ജാതി പട്ടിക വർ ഗ്ഗ വിഭാഗത്തിൽ ഉള്ളവരാണ്.

പ്രധാനാധ്യാപകൻ ഉൾപ്പെടെ 11 സ്ഥിരം അധ്യാപകരും 4 ഓഫീസ് സ്റ്റാഫ് അംഗങ്ങളും ഉണ്ട്.ഇംഗ്ലീഷ്,സോഷ്യൽ സയൻസ്,ഫിസിക്കൽ സയൻസ് എന്നീ വിഷയങ്ങളിൽ താൽ ക്കാലികാടിസ്ഥാനത്തിൽ ഓരോ അധ്യാപകരും ജോലിചെയ്യുന്നു.സ്പഷ്യൽ എഡ്യൂക്കേറ്ററുടെ സേവനവും സ്കൂളിൽ ലഭ്യമാണ്.

ബി.ആർ.സി യുടെ സ്പെഷ്യൽ കെയർ സെന്റർ സ്കൂളിൽ പ്രവർത്തിക്കുന്നു.അതോടൊപ്പം ശാരീരികാസ്വസ്ഥതകൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് വിശ്രമിക്കുന്നതിന് വിശ്രമ മുറിയും സജ്ജമാക്കിയിട്ടുണ്ട്.

2024-25 അക്കാദമിക വർഷം എസ്.എസ്.എൽ.സി പൊതു പരീക്ഷയിൽ 100% വിജയം സ്കൂൾ നേടി.78 കുട്ടികൾ പത്താം ക്ലാസ്സ് പരീക്ഷയെഴുതിയതിൽ 12 കുട്ടികൾ മുഴുവൻ വിഷയങ്ങൾക്കും A+ നേടി.NMMS പരീക്ഷയിൽ ഒരു കുട്ടി സ്കോളർഷിപ്പിന് അർഹയായി.

കായികമേഖലയിൽ മികച്ച വാഗ്ദാനങ്ങളായ കുട്ടികൾ സ്കൂളിലുണ്ട്.മികച്ച പരിശീലന സൗകര്യങ്ങൾ ലഭിക്കുകയാണെങ്കിൽ സംസ്ഥാന,ദേശീയ തലങ്ങളിലേക്ക് വിദ്യാർത്ഥികൾക്ക് ഉയരാൻ കഴിയും.

പരിമിതികളും ആവശ്യങ്ങളും

- സ്കൂളിന് ചുറ്റുമതിൽ ഇല്ലാത്തതിനാൽ, വിവിധ ക്ലബ്ബുകളുടെ നേതൃത്വത്തിൽ വിദ്യാർത്ഥികളും അധ്യാപകരും പി.ടി.എ യും സ്കൂളിൽ വെച്ച് പിടിപ്പിച്ച ചെടികളും ഫലവൃക്ഷങ്ങളും നശിപ്പിക്കപ്പെടുകയാണ്.അതിനാൽ സ്കൂളും കാമ്പസും സംരക്ഷിക്കപ്പെടണമെങ്കിൽ ചുറ്റുമതിൽ എത്രയും പെട്ടെന്ന് നിർമ്മിക്കപ്പെടേണ്ടതുണ്ട്.
- ആർ.എം.എസ്.എ പദ്ധതിപ്രകാരം ആരംഭിച്ച സ്കൂളിൽ കുട്ടികളുടെ ശാസ്ത്രപഠനത്തിന് സഹായകമായ തരത്തിലുള്ള ശാസ്ത്ര ലാബ് സ്കൂളിൽ ഇല്ല.അതുപോലെ തന്നെയാണ് ഐ.സി.ടി.ലാബും.ഒരു ക്ലാസ്സിലെ എല്ലാ കുട്ടികൾക്കും ഒരുമിച്ച് ഐ.സി.ടി.പഠനം സാധ്യമാക്കുന്ന തരത്തിൽ സൗകര്യങ്ങളുള്ളതും ആവശ്യത്തിന് ലാപ്ടോപ്പുകൾ ഉള്ളതുമായ കമ്പ്യൂട്ടർ ലാബ് സജ്ജമാകേണ്ടതുണ്ട്.
- ദൂരെ നിന്നും വരുന്ന കുട്ടികൾക്ക് സ്കൂളിൽ എത്തിച്ചേരുന്നതിന് സ്കൂൾ ബസ് ഇല്ല.പരിമിതമായ പൊതു വാഹന സൗകര്യം ഉള്ള പ്രദേശങ്ങളിൽ നിന്നും സ്കൂളിൽ എത്തിച്ചേരുന്നതിന് സ്കൂൾ ബസ് അനിവാര്യമാണ്.
- ശാസ്ത്ര ലാബ്,ഐ.ടി ലാബ് പോലെ തന്നെ ഗണിത ലാബ്,ലാംഗ്വേജ് ലാബ്,സാമൂഹ്യ സാസ്ത്ര ലാബ്,ടാലന്റ് ലാബ് തുടങ്ങിയ ലാബുകളും സ്കൂളിൽ സജ്ജമാക്കേണ്ടതുണ്ട്.
- കുടിവെള്ളം - വേനൽക്കാലത്ത് പ്രത്യേകിച്ച് ഫെബ്രുവരി മാസം മുതൽ കുടിവെള്ളത്തിന് ക്ഷാമം നേരിടുന്നു.ചെങ്കൽ പ്രദേശമായതിനാൽ സാധാരണ കിണർ കുഴിക്കുന്നതിന് പ്രായോഗിക പ്രയാസം നേരിടുന്നു.ഒരു കുഴൽ കിണർ മാത്രമാണ് ഉള്ളത്.
- 9 ക്ലാസ്സ് മുറികളുള്ളതിൽ 5 ക്ലാസ്സുകൾ മാത്രമാണ് ഹൈടെക്ക് സംവിധാനം സജ്ജമാക്കിയിട്ടുള്ളത്.ബാക്കി 4 ക്ലാസ്സുകളിൽ കൂടി ഹൈടെക്ക് സംവിധാനം ഒരുക്കേണ്ടതുണ്ട്.
- 1500 ഓളം പുസ്തകങ്ങൾ ലൈബ്രറിയിൽ ഉണ്ടെങ്കിലും കുട്ടികൾക്ക് ഇരുന്ന് വായിക്കുന്നതിനുള്ള റീഡിംഗ് റൂം ലൈബ്രറിയോടനുബന്ധിച്ച് ക്രമീകരിക്കേണ്ടതുണ്ട്.മാത്രമല്ല ലൈബ്രറിയെ ആധുനികവൽക്കരിക്കുന്നതിന് ഡിജിറ്റൽ സംവിധാനങ്ങൾ കൂടി ഒരുക്കണമെന്ന് ആഗ്രഹിക്കുന്നു.പുസ്തകങ്ങളുടെ എണ്ണം കൂടി വർദ്ധിപ്പിക്കേണ്ടതുണ്ട്.
- കുട്ടികൾക്ക് ഉച്ചഭക്ഷണം ഇരുന്നുകഴിക്കുന്നതിന് ആവശ്യത്തിന് ഫർണ്ണീച്ചറുകളോടുകൂടിയ ഡൈനിംഗ് ഹാൾ അവശ്യം വേണ്ടതുണ്ട്.

- കാമ്പസ് ഹരിതാഭവും വർണ്ണാഭവുമാക്കുന്നതിന് ശലഭോദ്യാനം,ജൈവവൈവിധ്യ പാർക്ക് എന്നിവ ഒരുക്കേണ്ടതുണ്ട്.

ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടിയുടെ അവകാശമാണ് എന്ന ആശയം പൂർണ്ണമായും പ്രാവർത്തികമാക്കുക എന്ന ലക്ഷ്യത്തെ മുൻ നിർത്തിയാണ് ഈ അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറാക്കിയിരിക്കുന്നത്.സ്കൂളിന്റെ പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളുടെ നടത്തിപ്പിന് മാസ്റ്റർ പ്ലാൻ സഹായകരമാകും എന്നതിൽ തർക്കമില്ല.കുട്ടിയുടെ സമഗ്രവികസനത്തിന് മാസ്റ്റർ പ്ലാനിൽ ഉൾച്ചേർത്തിരിക്കുന്ന പ്രവർത്തനങ്ങൾ ക്രിയാത്മകമായി നടപ്പിലാക്കുന്നതിലൂടെ കഴിയും എന്ന ഉറച്ച വിശ്വാസം ഉണ്ട്.സ്കൂളിന്റെ പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങൾ വിജയകരമായി ലക്ഷ്യത്തിലെത്തിക്കാൻ അധ്യാപകർക്കും വിദ്യാർത്ഥികൾക്കും ഒപ്പം രക്ഷിതാക്കളുടെയും പൊതുസമൂഹത്തിന്റെയും ജനപ്രതിനിധികളുടെയും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെയും സഹായസഹകരണങ്ങൾകൂടി ആവശ്യമാണ്.ഏവരുടെയും സഹായത്തോടുകൂടി സമഗ്രഗുണമേന്മയുള്ള വിദ്യാഭ്യാസം എന്ന ലക്ഷ്യം പ്രവർത്തികമാക്കാൻ കഴിയുമെന്ന ഉത്തമബോധ്യം ഞങ്ങൾക്കുണ്ട്.

പൊതുലക്ഷ്യങ്ങൾ

1. സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ളാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പു വരുത്തും.
2. സവിശേഷ കഴിവുള്ള കുട്ടികളുടെ പഠനാവശ്യങ്ങൾ പ്രത്യേകം പരിഗണിച്ച് പിന്തുണ നൽകും
3. വിദ്യാലയത്തിലെത്തിച്ചേരുന്ന ഓരോ കുട്ടിയുടേയും ഗുണമേന്മാ വിദ്യാഭ്യാസമെന്ന അവകാശം ഉറപ്പുവരുത്തുന്നതിനുള്ള പൊതു വിദ്യാഭ്യാസ വകുപ്പ് നിർദ്ദേശിച്ച കർമ്മപരിപാടികൾ സ്കൂൾ തലത്തിൽ സമയബന്ധിതമായി നടപ്പാക്കും.
4. ലഹരിയിൽ നിന്നുള്ള വിമുക്തി, പാരിസ്ഥിതികാവബോധത്തിൽ ഊന്നിയുള്ള വികസന സങ്കൽപ്പം, ഹരിതനിയമാവലി അനുസരിച്ചുള്ള ജീവതക്രമം ചിട്ടപ്പെടുത്തൽ, കണ്ടെത്തൽ പഠനം, സഹവർത്തിത പഠനം, സർഗ്ഗാത്മക പോഷണത്തിനും, കായിക മികവിനും, കായിക ക്ഷമത ഉറപ്പാക്കാനുള്ള കലാകായിക പഠനം, കമ്പ്യൂട്ടർ അധിഷ്ഠിത പഠനം എന്നിവ സാധ്യമാക്കാൻ സഹായിക്കുന്ന പ്രവർത്തനങ്ങൾ നടപ്പാക്കും.
5. സ്കൂൾ വികസനത്തിനായി ഗ്രന്ഥശാലകൾ, ക്ലബുകൾ, സന്നദ്ധ സംഘടനകൾ, വിദ്യാഭ്യാസ പ്രവർത്തകർ, പൂർവാധ്യാപകർ, സഹകരണ സ്ഥാപനങ്ങൾ, വ്യവസായ ഗ്രൂപ്പുകൾ എന്നിവയുടെ സേവനം പ്രയോജനപ്പെടുത്തും.

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26
# ഗവ.ഹൈസ്കൂൾ കുറ്റിക്കോൽ
# സ്കൂൾ തലം

മുഖ്യ ലക്ഷ്യം : വിദ്യാർത്ഥികളുടെ സർവ്വതോന്മുഖമായ വികാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | നടപ്പിലാക്കുന്ന രീതി | കാലയളവ് | ചുമതല | ധനകാര്യവിശലനം | വിലയിരുത്തൽ |
|---|---|---|---|---|---|---|
| 1.സദസ്സിനെ നേരിടാം | വിദ്യാർത്ഥികൾക്ക് സദസ്സിനെ അഭിമുഖീകരിച്ച് സംസരിക്കാൻ പരിശീലനം | സർഗ്ഗ വേളകളിൽ,സ്കൂൾ അസംബ്ലിയിൽ,സംവാദങ്ങളിൽ-പ്രത്യേക വിഷയങ്ങളെ അടിസ്ഥാനമാക്കി സംസാരിക്കുക/പ്രസംഗിക്കുക. | അക്കാദമിക വർഷം | അധ്യാപകർ | സാമ്പത്തികം ആവശ്യമില്ല | ക്ലാസ്സ് ടീച്ചർ,വിദ്യാരംഗം കലാസാഹിത്യ വേദി, എസ്.ആർ.ജി |
| 2.ഭാഷാ ശേഷി വികസനം,സംഘപ്രവർ ത്തനങ്ങളിലൂടെ സംഘാടന മികവ് വളർത്തുക | മലയാളം,ഇംഗ്ലീഷ്,ഹിന്ദി ഭാഷകളിൽ ഭാഷാ അസംബ്ലി സംഘടിപ്പിക്കൽ | ക്ലാസ്സ് അടിസ്ഥാനത്തിൽ വിദ്യാർത്ഥികൾക്ക് നിർദ്ദേശങ്ങൾ നൽകി അസംബ്ലി സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ഭാഷാക്ലബ്ബുകൾ,ചുതലയുള്ള അധ്യാപകർ | സാമ്പത്തികം ആവശ്യമില്ല | ഭാഷാക്ലബ്ബുകൾ,എസ്.ആർ.ജി |
| 3.ക്രിയാത്മക രചനാ പരിശീലനം | • വാർത്താ റിപ്പോർട്ടിംഗ്<br>• എഴുത്ത് ശില്പശാലക | വാർത്താ റിപ്പോർട്ടിംഗ് അടിസ്ഥാന പരിശീലനം നൽകൽ | അക്കാദമിക വർഷം | എസ്.ആർ.ജി, പി.ടി.എ, എസ്.എം.സി, സ്കൂൾ ക്ലബ്ബുകൾ | ശില്പശാലക്കാവശ്യമായ ഫണ്ട് പി.ടി.എ,എസ്.എം.സി കമ്മിറ്റികളുടെ | എസ്.ആർ.ജി, പി.ടി.എ, എസ്.എം.സി, സ്കൂൾ |

| | | | | | | |
|---|---|---|---|---|---|---|
| | ൾ,<br>• കൈയെഴുത്ത് മാസിക തയ്യാറാക്കൽ,<br>• ഡിജിറ്റൽ മാഗസിൻ തയ്യാറാക്കൽ<br>• പോസ്റ്റർ രചനാ ശില്പശാല | രചനാ ശില്പശാലകളിലൂടെ അടിസ്ഥാന പരിശീലനം വിദ്യാർത്ഥികൾക്ക് നൽകുന്നു. സ്കൂൾ പ്രവർത്തനങ്ങളുടെ റിപ്പോർട്ടിംഗ് തയ്യാറാക്കൽ,മാസികകൾ തയ്യാറാക്കൽ-മാന്വൽ,ഡിജിറ്റൽ മാന്വലായും ഡിജിറ്റലായും പോസ്റ്റർ തയ്യാറാക്കുന്നതിൽ പരിശീലനം | | | സഹായത്തോടെ കണ്ടെത്തുന്നു. | ക്ലബ്ബുകൾ |
| 4.വായനാ പരിപോഷണം | (എ)സ്കൂൾ ലൈബ്രറി,ക്ലാസ്സ് ലൈബ്രറി ശാക്തീകരണം,<br><br>(ബി)വായനാ മത്സരം സംഘടിപ്പിക്കൽ,വായനാനുഭവം | (എ)പൊതുജന പങ്കാളിത്തത്തോടെ ലൈബ്രറി പുസ്തകങ്ങളുടെ ശേഖരണം<br><br>(ബി)വിദ്യാരംഗം കലാസാഹിത്യ | അക്കാദമിക വർഷം<br><br>അക്കാദമിക വർഷം | പി.ടി.എ,എം.പി.ടി.എ,എസ്.എം.സി,എസ്.ആർ.ജി,വിദ്യാരംഗം കലാസാഹിത്യ വേദി<br><br>വിദ്യാരംഗം കലാസാഹിത്യ | പൊതുജന പങ്കാളിത്തത്തോടെ ആവശ്യമായ സാമ്പത്തികം കണ്ടെത്തുന്നു. | എസ്.ആർ.ജി |

| | | | | | | |
|---|---|---|---|---|---|---|
| | പങ്കുവെക്ക ൽ,വായനാക്കുറിപ്പ് / ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ, മാസിക തയ്യാറാക്കൽ<br><br>(സി)പത്രവായന പ്രോത്സാഹിപ്പിക്കൽ, | വേദിയുടെയും ലൈബ്രറി കൗൺ സിലിന്റെയും വാഹനാ മത്സര പരിപാടികൾ സംഘടിപ്പിക്കൽ (സി)പ്രതിമാസ പത്രവാർത്താ ക്വിസ്സ് മത്സരം സംഘടിപ്പിക്കൽ | പ്രതിമാസം | വേദി,ലിറ്റിൽ കൈറ്റ്സ് ഐ.ടി.ക്ലബ്ബ്<br><br>ചുതലയുള്ള അധ്യാപകർ | | |
| 5.പരിസ്ഥിതി സൗഹൃദ മനോഭാവം രൂപപ്പെടുത്തൽ | ക്ലാസ്സ് മുറികളിലും കാമ്പസ്സിലും ഉണ്ടാകുന്ന മാലിന്യങ്ങളെ ശാസ്ത്രീയായി തരംതിരിക്കുന്നു. മികച്ച പ്രവർത്തനം കാഴ്ചവെക്കുന്ന ക്ലാസ്സുകൾക്ക് അനുമോദനം. പൂന്തോട്ട നിർമ്മാണം പരിസ്ഥിതി സൗഹൃദ അവബോധ ക്ലാസ്സുകൾ - | ക്ലാസ്സ് മുറികളിൽ കടലാസ് മാലിന്യങ്ങൾക്കും പ്ലാസ്റ്റിക് മാലിന്യങ്ങൾക്കും പ്രത്യേകം ബിന്നുകൾ നൽ കുന്നു.മാലിന്യങ്ങ ൾ തരം തിരിച്ച് നിക്ഷേപിക്കുന്നു. വലിച്ചെറിയൽ ശീലം ഇല്ലാതാക്കുന്നു.പ്ലാ സ്റ്റിക് മാലിന്യങ്ങൾ ശേഖരിച്ച് ഹരിതകർ മ്മസേനയെ ഏൽ | ആഴ്ചതോറും | അധ്യാപകർ,വിദ്യാർ ത്ഥികൾ | ബിന്നുകൾ സ്ഥാപിക്കുന്നതിന് പൊതുജന പങ്കാളിത്തത്തോടെ ആവശ്യമായ സാമ്പത്തികം കണ്ടെത്തുന്നു. | ക്ലാസ്സ് ടീച്ചർ,ക്ലാസ്സ് ലീഡ ർ,എസ്.ആർ.ജി |

| | | | | | | |
|---|---|---|---|---|---|---|
| | | ഷിക്കുന്നു.<br>കാമ്പസ് ശുചീകരണം - ഡ്രൈഡേ ആചരണം | | | | |
| 6.സമ്പാദ്യശീലം വളർത്തൽ | സ്കൂൾ സേവിംഗ് സ്കീമിൽ പരമാവധി വിദ്യാർത്ഥികളെ ചേർക്കൽ | ഓരോ ആഴ്ചയും കുട്ടികളുടെ സമ്പാദ്യ പദ്ധതിയിൽ ചെറിയ നിക്ഷേപങ്ങൾ സ്വീകരിക്കുന്നു.സമ്പാദ്യശീലത്തിന്റെ പ്രാധാന്യം ബോധ്യപ്പെടുത്തൽ | അക്കാദമിക വർഷം | ചുമതലയുള്ള അധ്യാപകർ,വിദ്യാർത്ഥികൾ | | സ്റ്റുഡന്റ്സ് സേവിംഗ്സ് സ്കീം സമിതി |
| 7.കായികതാരങ്ങളെ വളർത്തിയെടുക്കൽ | വിദ്യാർത്ഥികളുടെ അഭിരുചി മനസ്സിലാക്കി പ്രത്യേക കായിക പരിശീലനം നൽകൽ | വ്യത്യസ്തമായ കായിക ഇനങ്ങളിൽ താല്പര്യമുള്ള വിദ്യാർത്ഥികളെ കണ്ടെത്തി പ്രത്യേകമായപരിശീലനം നൽകുന്നു. | അക്കാദമിക വർഷം | കായികാധ്യാപിക, | പി.ടി.എ,എസ്.എം.സി, എം.പി.ടി.എ എന്നിവയുടെ സഹായത്തോടെ വിദ്യാർത്ഥികളുടെ പരിശീലന വേളയിൽ ആവശ്യമായ റിഫ്രഷ്മെന്റ് സൗകര്യം ഒരുക്കുന്നു. | കായികാധ്യാപിക ,പി.ടി.എ, എസ്.എം.സി, എം.പി.ടി.എ |
| 8.സ്വയം പര്യാപ്തതാ | സ്കൂൾ അടുക്കളത്തോട്ട നിർമ്മാണം | വിദ്യാർത്ഥികളുടെടെയും, | ജൂലൈ മുതൽ | സ്കൂൾ ക്ലബ്ബുകൾ | പി.ടി.എ,എസ്.എം.സി, എം.പി.ടി.എ എന്നിവയുടെ | സ്കൂൾ ക്ലബ്ബുകൾ |

| | | | | | | |
|---|---|---|---|---|---|---|
| മനോഭാവം രൂപപ്പെടുത്തൽ | | വിവിധ സ്കൂൾ ക്ലബ്ബുകളുടെയും പി.ടി.എ,എം.പി.ടി. എ,എസ്.എം.സി എന്നിവയുടെയും സഹകരണത്തോ ടെ സ്കൂൾ പച്ചക്കറിത്തോട്ടം നിർമ്മിക്കുന്നു. | | ് ,പി.ടി.എ,എം.പി.ടി. എ,എസ്.എം.സി | സഹായത്തോടെ ആവശ്യമായ സാമ്പത്തികം കണ്ടെത്തുന്നു. | ് ,പി.ടി.എ,എം.പി.ട ി.എ,എസ്.എം. സി |


ഗവ.ഹൈസ്കൂൾ
കുറ്റിക്കോൽ
അക്കാദമിക മാസ്റ്റർ പ്ലാൻ
2025-26

# ജി.എച്ച്.എസ്
# കുറ്റിക്കോൽ

# അക്കാദമിക മാസ്റ്റർ പ്ലാൻ
# 2025-26

# വിഷയം : മലയാളം

## അവസ്ഥാ വിശകലനം

## പ്രശ്നങ്ങൾ

* അക്ഷര ജ്ഞാനമില്ലായ്മ
* വായനക്ക് അനുഭവപ്പെടുന്ന ബുദ്ധിമുട്ട്
* ഭാഷാ പഠനത്തോട് താൽപ്പര്യം ഇല്ലായ്മ
* മാതൃഭാഷയോടുള്ള അവഗണന
* സാമൂഹികവും സാംസ്കാരികവും ചരിത്രപരവുമായ ബോധക്കുറവ്
* ദൃശ്യ-ശ്രവ്യ മാധ്യമങ്ങളിൽ മലയാളം വികലമായി സംസാരിക്കുന്നത്
* മലയാള സംസാര ഭാഷയിലെ ഇംഗ്ലീഷ് പദങ്ങളുടെ അതിപ്രസരം
* വായനയോടുള്ള കുട്ടികളുടെ താൽപ്പര്യമില്ലായ്മ
* നൂതന സാങ്കേതിക വിദ്യയോടുള്ള അമിത താത്പര്യം.

## ലക്ഷ്യങ്ങൾ

* അക്ഷരം ഉറപ്പിക്കൽ
* വായന ക്ലേശം പരിഹരിക്കൽ
* മാതൃഭാഷാ പഠനത്തോട് താൽപ്പര്യം വർദ്ധിപ്പിക്കൽ
* മാതൃഭാഷ പഠനത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കുക.
* കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക.
* കുട്ടിയെ മികച്ച വായനക്കാരനാക്കുക.
* മാതൃസ്നേഹം വളർത്തുക.
* അയത്ത ലളിതമായി മാതൃഭാഷ പ്രയോഗിക്കുവാനുള്ള കഴിവ് വളർത്തുക.
* ഭാഷാ പ്രയോഗങ്ങളും പദങ്ങളും ശൈലികളും ഉചിതമായ സന്ദർഭത്തിൽ പ്രയോഗിക്കുവാനുള്ള കഴിവ് ആർജ്ജിക്കൽ.
* വിവിധ സാഹിത്യകാരന്മാരുടെ രചനകൾ പരിചയപ്പെടൽ
* ഡിജിറ്റൽ വായനയെയും എഴുത്തിനെയും പ്രോത്സാഹിപ്പിക്കൽ
* പത്രവായനാശീലം വളർത്തൽ
* സാമൂഹികാവബോധം, ചരിത്രാവബോധം, സാംസ്കാരികാവബോധം ഇവ സൃഷ്ടിക്കുക.
* ജ്ഞാന സമൂഹ സൃഷ്ടി
* ദേശീയബോധവും ഉത്തരവാദിത്ത ബോധവും വളർത്തുക.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | നടപ്പിലാക്കുന്ന രീതി | കാലയളവ് | ചുമതല | ധനകാര്യ വിശകലനം (സാമ്പത്തികം) | വിലയിരുത്തൽ |
|---|---|---|---|---|---|---|
| * ഭാഷാപരമായ പിന്നോക്കാവസ് പരിഹരിക്കൽ<br>* ഭാഷാവബോധം സൃഷ്ടിക്കുക. | * അക്ഷരം ഉറപ്പിക്കൽ<br>* വാക്യങ്ങൾ നിർമ്മിക്കൽ<br>* ചിത്രത്തിന് അടിക്കുറിപ്പ് തയ്യാറാക്കൽ<br>* ചിത്രത്തെ മുൻ നിർത്തി കഥാരചന നിർവ്വഹിക്കൽ<br>* ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ്സ് | പഠന പിന്നോക്കാവസ്ഥ നേരിടുന്ന കുട്ടികളെ കണ്ടെത്തി ബ്ലാക്ക് ബോർഡ്, ചാർട്ട് എന്നിവ ഉപയോഗിച്ച് പ്രത്യേക എഴുത്ത്, വായന പരിശീലനം നൽകുന്നു.<br>അടിക്കുറിപ്പ് മത്സരങ്ങൾ, രചനാ മത്സരങ്ങൾ ഇവ സംഘടിപ്പിക്കുന്നു. | 3 മാസം ജൂൺ- ആഗസ്റ്റ് | ഭാഷാധ്യാപകർ | പി.ടി.എ | സബ്ജക്ട് കൗൺസിൽ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | നടപ്പിലാക്കുന്ന രീതി | കാലയളവ് | ചുമതല | ധനകാര്യ വിശകലനം (സാമ്പത്തികം) | വിലയിരുത്തൽ |
|---|---|---|---|---|---|---|
| * കുട്ടിയെ മികച്ച വായനക്കാരനാക്കുക.<br>* മാതൃഭാഷാ സ്നേഹം വളർത്തുക.<br>* സർഗ്ഗശേഷി വികസിപ്പിക്കൽ | * ക്ലാസ്സ് വായനാക്കൂട്ടം രൂപീകരിക്കൽ<br>* വായനോത്സവങ്ങൾ സംഘടിപ്പിക്കൽ.<br>* സ്കൂൾ ലൈബ്രറി നവീകരണം.<br>* പത്രവായന<br>* വായനാനുഭവം പങ്കുവെക്കൽ.<br>* വായനാക്കുറിപ്പ് ആസ്വാദനക്കുറിപ്പ് ഇവ തയ്യാറാക്കി പതിപ്പ് തയ്യാറാക്കൽ<br>* വിദ്യാരംഗം കലാ സാഹിത്യവേദി പ്രവർത്തനങ്ങൾ | പ്രശ്നോത്തരി മത്സരങ്ങൾ, വായന മത്സരങ്ങൾ,കൈയ്യെഴുത്ത് മത്സരങ്ങൾ, പോസ്റ്റർ രചന, കഥാരചന, കവിതാ രചന, ഉപന്യാസം രചന, ചിത്രരചന തുടങ്ങി വിവിധയിനം രചനാ മത്സരങ്ങൾ, ചിത്രവായന, അടിക്കുറിപ്പ് മത്സരങ്ങൾ,വായനയുടെ പ്രാധാന്യത്തെക്കുറിച്ച് പ്രഗത്ഭർ നയിക്കുന്ന ക്ലാസ്സുകൾ, സെമിനാറുകൾ, പുസ്തക പ്രദർശനം, പത്രവായന മത്സരം, മാഗസിൻ നിർമ്മാണം തുടങ്ങി വിവിധരീതികളിലൂടെ പ്രവർത്തനങ്ങളെ ലക്ഷ്യത്തിൽ എത്തിക്കുന്നു. | ആഗസ്റ്റ് ഡിസംബർ<br>വർഷം മുഴുവൻ | ഭാഷാധ്യാപകർ<br>വിദ്യാരംഗം ചാർജ്ജ് മലയാളം ടീച്ചർ | പി.ടി.എ | സബ്ജക്ട് കൗൺസിൽ<br>SRG<br>പി.ടി.എ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | നടപ്പിലാക്കുന്ന രീതി | കാലയളവ് | ചുമതല | ധനകാര്യ വിശകലനം (സാമ്പത്തികം) | വിലയിരുത്തൽ |
|---|---|---|---|---|---|---|
| * കുട്ടിയെ മികച്ച എഴുത്തുകാര നാക്കുക. | * എഴുത്തുകൂട്ടം രൂപീകരിക്കൽ<br>* വായനാക്കുറിപ്പ്/ ആസ്വാദനക്കുറിപ്പ് പതിപ്പ്<br>* വിവിധ സാഹിത്യ ശാഖകൾ പരിചയ പ്പെടൽ<br>* വ്യക്തിഗത രചന സംഘ രചന<br>* കൈയ്യെഴുത്തു മാസിക | ഡയറി, കഥ, കവിത, ഉപന്യാസം, തലക്കെട്ട്, ആസ്വാദനക്കുറിപ്പ് തുടങ്ങി വിവിധ തരം രചനാ മത്സരങ്ങൾ നടത്തുന്നു. ഈ രചനകൾ ചേർത്ത് മാഗസിൻ നിർമ്മിക്കുന്നു. | 6 മാസം<br>സെപ്തംബർ ഫെബ്രുവരി | ഭാഷാധ്യാപകർ<br>പി.ടി.എ | പി.ടി.എ | സബ്ജക്ട് കൗൺസിൽ<br>SRG<br>പി.ടി.എ |
| * സദസിനെ അഭി മുഖീകരിക്കാൻ പ്രാപ്തനാക്കുക.<br>* ആത്മവിശ്വാസം വളർത്തുക. | * വിവിധ വിഷയങ്ങളെ മുൻനിർത്തി പ്രഭാഷണം അവതരിപ്പിക്കൽ<br>* പദ്യപാരായണം<br>* പാഠഭാഗങ്ങളുടെ നാടകീയാവിഷ്ക്കരണം | വേദിയിൽ പ്രഭാഷണ മത്സരം പദ്യപാരായണ മത്സരം എന്നിവ സംഘടിപ്പിക്കുന്നു.<br>മികവുത്സവത്തിൽ പാഠ ഭാഗങ്ങളുടെ നാടകീയാ- വിഷ്കരണം വേദിയിൽ അവതരിപ്പിക്കുന്നു. | 3 മാസം<br>ജനുവരി- മാർച്ച് | ഭാഷാധ്യാപകർ | പി.ടി.എ | സബ്ജക്ട് കൗൺസിൽ |

## Subject : ENGLISH

### *Analysis :*

### Problems

1. English is considered as a difficult subject by the students.
2. Students get a fear about english language
3. Students are failed to talk in english
4. Students failed difficulties to use grammar properly.
5. Students failed to produce creative writings on english in english language.
6. Failed to utilise IG to improve english language.

## Objective

1. Enable students to communicate in english confidently.
2. Give male opportunities for expression of ideas in english.
3. Improve reading and writing skills.
4. Use english in different contexts.
5. Enable students to write and recite poems.
6. Utilisation of ICT for the improvement of english language.
7. Enable the Students to use english in daily life.
8. Enable the students to read, write and speak english with confidence.

## Main Objective

## Improve LSRW Skills in English

| Objectives | Activities | Procedure | Time | Responsibility | Finantial Support | Evaluation |
|---|---|---|---|---|---|---|
| To enable students to communicate in english Confi- dently | Formation of english club | Select Interested students and form club | As the school reopeas | English Teacher | Club Fund | Subject Council SRG |
| | Inaguration of English club | Inagurate the club using a cheif guest. | On a convenient date | English Club | Club Fund | Subject Council, SRG |
| | Spoken English Class | Arrange the class usimg special trainee | Twice in every month | English Teacher | Students, Teachers, PTA Fund | Subject Council |
| | English Library Preparation | Select specific space, collect books - arrange the room | As the school Reopens | English Teacher English Club | Teachers, PTA Fund | Subject Council |
| | Story telling Com- petition | Conduct competition among students. | On a convenient date | English Club | | Subject Council |
| | English Cartoon Show | Arrange the cartoon show amoung students. | On a convinient date | English Club | | - |
| | English Assembly | Conduct assembly based on the class | Once in a week | Class Teacher | | Subject Council SRG |
| | English Fest | Exhibit different items based on english litarature | On a convenient Date | English Club | Club Fund Teachers Fund | SRG |

| Objectives | Activities | Procedure | Time | Responsibility | Finantial Support | Evaluation |
|---|---|---|---|---|---|---|
| | English debutes in classroom | Conduct debuts amoung students. | On a convenient date | English Teacher | - | English Teacher |
| | Spelling check competition | - | On a convenient date | English Club | - | Subject Council, |
| To give ware opportunities for expression of ideas in english | English cinema show -Review writing | Arrange a cinema show, assign students to write the review of it. | On a Covenient Date | English Teacher English Club | English & Filim Club Fund | Subject Council SRG |
| | Script Writing | - | As the requirment of the lesson | English Teacher | - | English Teacher |
| | Role Play | Performance from the side of students in the class room /assembly | as the requirment of the lesson | English Teacher | - | Subject Council |
| | Seminar | Coduct Seminar on relevant topic | as the requirment of the lesson | English Teacher | - | - |
| To improve reading and wrinting skills | New reading in class rooms | - | Every morning | Class Teacher | - | - |
| | News reading in school ssembly | - | IW the english assemby | Class Teacher | - | - |
| | News writing | - | Every morning | Class Teacher | - | - |

| Objectives | Activities | Procedure | Time | Responsibility | Finantial Support | Evaluation |
|---|---|---|---|---|---|---|
| | News Reading Competition | Conent news reading competition amoung students | On a convenient date | English club | - | Subject Council |
| | Diary writing | - | Daily | Class Teacher | - | |
| Dramatisation | English skit related to the lessons | Divide students in to groups & assign different parts of the lesson to perform | As the requirment of lessons | English Teacher | English & Filim Club Fund | Subject Council |
| | Puppet show related to the lessons | Create puppets bassed on the lesson & present it in a show | As the requirment of lessons | English Teacher | Students & Teachers | Subject Teacher SRG |
| | Script writing | - | As the requirment of lessons | English Teacher | - | - |
| To enable students to write and recite poems | Poem writing Competition | Conduct competition among students | On a convenient date | English club | - | Subject Teacher |
| | Poem recitation Competition | | On a convenient date | English Club | - | - |
| | Write appreciations of Poems | | As the requirment of lessons | English Teacher | | |
| | Preparation of school magazine | Form aw editorial board select creative writings from students and prepare the magazine | Once in a year on a convenient date | Magazine editor & english club | Find money from sponsership | |

| Objectives | Activities | Procedure | Time | Responsibility | Finantial Support | Evaluation |
|---|---|---|---|---|---|---|
| Utilisation of ICT for the improvement of english language | English filim show | Exhibit english filim shows. | On a convenient date | English club & Filim Club | Teachers Club Fund | - |
| | Famous English Speaches | - | On a convenient date | English club | - | |
| | | | | | | |

# अकादमिक मास्टर प्लान
# 2025 - 2026
# विषय - हिंदी

## भूमिका

केरल राज्य शिक्षा के क्षेत्र में काफी आगे में है। इस कार्य में अध्यापकों की भागीदारी बहुत बडी है। हिंदी भाषा भारत की आत्मा है। केरल के विद्यालयों में भी हिंदी भाषा को उतना ही महत्व देकर पढ़ाते हैं। उसकी श्रेष्ठता बनाए रखने का काम हम अध्यापकों पर निर्भर हैं। हमारे विद्यालय में जो साधन उपलब्ध है उसकी सहायता से हम बच्चों को पूरी शिक्षा का माहौल प्रदान करने की कोशिश में है। कक्षा कार्य के साथ छात्रों की कला - अभिरुचि को बढ़ावा देना भी ज़रूरी है।

# विश्लेषण

## समस्याएँ

हिंदी भाषा सीखने और पढ़ने में कई तरह की समस्याएँ आती हैं। मुख्य समस्याएँ हैं:-

- आज बच्चों में हिंदी के प्रति रुचि कम होती जा रही है।
- हिंदी पढ़नेवाले कुछ छात्रों को वर्णमाला समझने में कठिनाई होती हैं।
- वर्णों का सही क्रम और संयोजन भी एक चुनौती है।
- कुछ छात्रों को उच्चारण में भी समस्या होती है।
- शब्दों को सही ढंग से पढ़ने में कठिनाई होती है।
- कुछ छात्रों में स्मरण शक्ति की कमी होती है।
- अभ्यास की कमी भी एक समस्या है।
- अक्षरों की ध्वनियों को सीखने में कठिनाई होती जा रही है।
- उच्च अध्ययन केलिए हिंदी में अच्छी और मानक पुस्तकें उपलब्ध नहीं है।

# लक्ष्य

- हिंदी भाषा छात्रों में विकसित करना।
- उनकी मातृभाषा के रूप में उनकी समझ और उपयोग को बढ़ाना।
- हिंदी साहित्य और संस्कृति से परिचित कराना।
- छात्रों में सुनना, बोलना, पढ़ना और लिखना जैसा भाषा कौशल का विकास करना।
- छात्रों में रचनात्मकता और कल्पनाशीलता को विकसित करना।
- छात्रों में आत्मविश्वास और आत्म अभिव्यक्ति का विकास करना।
- छात्रों में हिंदी बोलने का प्रेरणा देना।
- राष्ट्रीय एकता जगाना।

# मुख्य लक्ष्य

भाषा कौशल (सुनना, बोलना, पढ़ना और लिखना) को विकसित करने केलिए विभिन्न प्रकार की गतिविधियों को चलाना।

| क्रम सं | लक्ष्य | गतिविधियाँ | प्रक्रिया | समय | जिम्मेदारी | वित्तीय सहायता | मूल्यांकन |
|---|---|---|---|---|---|---|---|
| 1. | हिंदी भाषा छात्रों विकसित करना। | हिंदी क्लब रूपीकरण | हिंदी में बातचीत करना | अकादमिक वर्ष | हिंदी अध्यापिका | — | हिंदी अध्यापिका |
| 2. | हिंदी साहित्य और संस्कृति पर परिचय कराना | दिनाचरण | हिंदी भाषा से संबंधित दिनाचरण स्कूल में आयोजित करना। यह मातृभाषा में परिचय करने के बाद हिंदी भाषा में व्यक्त करना। | अकादमिक वर्ष | हिंदी अध्यापिका | हिंदी क्लब, पि. टि. ए | हिंदी अध्यापिका, एस. आर. जी |
| 3. | छात्रों में सुनना, बोलना, पढना, लिखना जैसे भाषा कौशल का विकास करना। | पाठभाग से संबंधित वीडियो या ऑडियो चलाना | वीडियो या ऑडियो में सुननेवाले कार्यों को कक्षा में प्रस्तुत करना। | महीना | हिंदी अध्यापिका | हिंदी अध्यापिका | हिंदी अध्यापिका |
| | | कक्षा में हमेशा हिंदी में बातचीत | हिंदी पिरीयड में हिंदी भाषा में | हफ्ता | हिंदी अध्यापिका | — | हिंदी अध्यापिका |

| | | | | | | | |
|---|---|---|---|---|---|---|---|
| | | करना। | बातचीत करने का अवसर | | | | |
| | | हिंदी पढ़ने का अवसर | कक्षा में पाठभाग वाचन करने का अवसर | हफ्ता | हिंदी अध्यापिका | — | हिंदी अध्यापिका |
| | | हिंदी लिखने का अवसर | डायरी, रपट, टिप्पणी पत्र, पटकथा, पोस्टर आदि लिखने का अवसर | महीना | हिंदी अध्यापिका | — | हिंदी अध्यापिका |
| 4. | छात्रों में रचनात्मकता और कल्पना शीलता को विकसित करना | पुस्तकालय रूपीकरण | रचनात्मकता और कल्पना शीलता को ऊँचे उडाने केलिए स्कूल में हिंदी पुस्तकालय का रूपीकरण करना और बच्चों को वाचन करने केलिए प्रोत्साहन भी देना। | महीना | हिंदी अध्यापिका | अध्यापिका और पी.टी.ए | हिंदी अध्यापिका |
| 5. | राष्ट्रीय एकता जगाना | राष्ट्रीय एकता पर बोध कराना | देश प्रेम पर आधारित कहानी कविता, निबंध तैयार करना | महीना | हिंदी अध्यापिका | — | हिंदी अध्यापिका |

# उपसंहार

उपर्युक्त गतिविधियों के आधार पर विद्यालय में स्तरानुकूल कार्यक्रम चलाएँगे। हरेक छात्र की भागीदारी का ख्याल रखेंगे। हिंदी भाषा का पोषण करने केलिए विद्यालय में दिनाचरण के अवसर का पूरा फायदा उठाएँगे। साथ ही पाठ्य अवसर का भी उचित प्रयोग करेंगे।

धन्यवाद

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025–26

## വിഷയം : ഗണിതം

### അവസ്ഥാ വിശകലനം:

**പ്രശ്നങ്ങൾ:**

1. 1 മുതൽ 10 വരെയുള്ള ക്ലാസ്സുകളിലെ എല്ലാ കുട്ടികൾക്കും പാഠ്യപദ്ധതി നിർദ്ദേശിച്ച ആശയങ്ങളും ശേഷികളും നേടാൻ കഴിയുന്നില്ല.
2. കുട്ടികൾക്ക് പ്രൈമറി ക്ലാസ്സുകളിലെ അടിസ്ഥാന ആശയങ്ങളിൽ ധാരണയില്ല.
3. ഐ.സി.ടി അധിഷ്ഠിതമായും പ്രക്രിയാബന്ധിതമായും പാഠാസൂത്രണം നടത്തുന്നതിന് പരിമിതിയുണ്ട്.
4. ഗണിതലാബിന്റെ അഭാവം.

**ലക്ഷ്യങ്ങൾ:**

1. ദൈനംദിന ജീവിത പ്രശ്ന പരിഹാരത്തിൽ ഗണിതത്തിന്റെ ആവശ്യകത.
2. ഗണിത പഠനത്തിൽ അഭിരുചി വളർത്തൽ
3. ഗണിതത്തിലെ അടിസ്ഥാന ആശയങ്ങളിലും മനോഭാവങ്ങളിലുമുള്ള പരിമിതി പരിഹരിക്കൽ
4. ഗണിത ക്ലബ്ബ് രൂപീകരണം.
5. ഗണിതശാസ്ത്രത്തിൽ സവിശേഷവൈഭവമുള്ള കുട്ടികളെ അതിന്റെ പൂർണ്ണതയിൽ എത്തിക്കുക.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | നടപ്പിലാക്കുന്ന രീതി | കാലയളവ് | ചുമതല | ധനകാര്യ വിശകലനം (സാമ്പത്തികം) | വിലയിരുത്തൽ |
|---|---|---|---|---|---|---|
| എല്ലാ കുട്ടികളിലും ഗണിത ശാസ്ത്രത്തിന്റെ അടിസ്ഥാന ആശങ്ങൾ എത്തിയെന്ന് ഉറപ്പ് വരുത്തുക | ടെസ്റ്റ്, മൂല്യനിർണ്ണയം, വർക്ക്ഷീറ്റ് നൽകൽ | അടിസ്ഥാന ആശയങ്ങളുമായി ബന്ധപ്പെട്ട വർക്ക് ഷീറ്റുകൾ കുട്ടികൾക്ക് നൽകുകയും അതിന്റെ മൂല്യനിർണ്ണയം കൃത്യമായി നടത്തുകയും ചെയ്യുന്നു. | ജൂൺ, ജൂലൈ | ഗണിത അദ്ധ്യാപകർ | എസ്.ആർ.ജി | ഗണിത അദ്ധ്യാപകർ |
| ഗണിതപഠന പ്രവർത്തന ങ്ങൾ ലളിതമാക്കൽ | ജിയോജിബ്ര ഉപയോഗിച്ച് ഗണിത ആശയ ങ്ങൾ ലളിതമായി അവത രിപ്പിക്കുക | ഓരോ പഠനത്തിലെയും പുതിയ ആശയങ്ങൾ ജിയോജിബ്രയി ലൂടെ കുട്ടികൾക്ക് കാണിച്ചു കൊടുക്കുന്നു. | എല്ലാ മാസവും | ഗണിത അദ്ധ്യാപകർ | | സബ്ജക്ട് കൗൺസിൽ |
| ഗണിത ക്ലബ്ബ് സജീവമാക്കൽ | ഗണിതക്ലബ്ബ് രൂപീകര ണോദ്ഘാടനം ഗണിതക്വിസ്സ് | ഗണിതക്ലബ്ബിന്റെ ഭാഗമായി ഗണിതക്വിസ്സ് സംഘടിപ്പിക്കുന്നു. കുട്ടികളുടെ ഒരു ഗണിത മാഗ സിൻ തയ്യാറാക്കുന്നു. | ജൂലൈ | ഗണിത അദ്ധ്യാപകർ ഗണിതക്ലബ്ബ് | എസ്.ആർ.ജി | സബ്ജക്ട് കൗൺസിൽ എസ്.ആർ.ജി |
| ഗണിതപഠനത്തിൽ താൽ പര്യം വർദ്ധിപ്പിക്കൽ | ഗണിതക്ലബ്ബ് പ്രവർത്തനം മാഗസിൻ പ്രകാശനം | ഗണിതക്ലബ്ബിന്റെ ഭാഗമായി പരിപാടികൾ സംഘടിപ്പിക്കുന്നു. കുട്ടികൾ ഉണ്ടാക്കിയ മാഗസിൻ പ്രകാശനം ചെയ്യുന്നു. | രണ്ടാം ടേമിൽ | ഗണിത അദ്ധ്യാപകർ | എസ്.ആർ.ജി | സബ്ജക്ട് കൗൺസിൽ |
| ഗണിത മത്സരവേദിയിൽ, മേളകളിൽ ഊർജ്ജസ്വലത കൈവരിക്കൽ | സ്കൂൾതല ഗണിതമേള യിൽ പങ്കെടുക്കാനുള്ള പരിശീലനം നൽകൽ | ഗണിതമേളയിൽ വിവിധ മത്സര ഇനങ്ങളിൽ (ജ്യോമട്രിക് ചാർട്ട് വരയ്ക്കൽ, സ്റ്റിൽ മോഡൽ, വർക്കിംഗ് മോഡൽ തുടങ്ങിയ വയുടെ നിർമ്മാണം)പരിശീ ലനം നൽകുന്നു. | രണ്ടാം ടേമിൽ | ഗണിത അദ്ധ്യാപകർ ഗണിതക്ലബ്ബ് | എസ്.ആർ.ജി | സബ്ജക്ട് കൗൺസിൽ എസ്.ആർ.ജി |

# സാമൂഹ്യശാസ്ത്രം

## പ്രശ്നങ്ങൾ

* സാമൂഹ്യശാസ്ത്രം പോലുള്ള വിഷയങ്ങളിൽ പൊതുവെ കുട്ടികൾ കാണിക്കുന്ന താൽപര്യക്കുറവും, പഠനവിരക്തിയും
* ചരിത്ര സംഭവങ്ങളും ഭൂമിശാസ്ത്രത്തിലെ പല ആശയങ്ങളും മനസ്സിലാക്കുന്നതിന് പഠനത്തിൽ പൊതുവെ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് കഴിയാത്തത്
* പഠനത്തിന് പിന്തുണ നൽകുന്നതിന് വേണ്ട വിഭവങ്ങളുടെ ലഭ്യതയിലുള്ള കുറവ് (ഉദാ: ഗ്ലോബുകൾ, ഭൂപടങ്ങൾ, ഉപകരണങ്ങൾ
* ഭാവിയിലെ ജോലി സാധ്യതകളിലും ദൈനംദിന ജീവിതത്തിലും സാമൂഹ്യശാസ്ത്ര പഠനത്തിന് ബന്ധമില്ല എന്ന കുട്ടികളുടെ കാഴ്ചപ്പാട്.
* പാരിസ്ഥിതിക അവബോധത്തിന്റെ കുറവ്
* പൗരബോധരൂപീകരണം നടക്കാത്തത്
* കുട്ടികളിൽ പ്രാദേശിക ചരിത്രത്തെക്കുറിച്ച് അവബോധമില്ലാത്തത്
* ഗണിതം, സയൻസ് വിഷയങ്ങൾക്ക് നൽകുന്ന പ്രാധാന്യം സാമൂഹ്യശാസ്ത്രപഠനത്തിന് നൽകാത്തത്

## ലക്ഷ്യങ്ങൾ

* കുട്ടികളിൽ വിമർശനാത്മക ചിന്ത വളർത്തുക
* കുട്ടികളിൽ പാരിസ്ഥിതിക അവബോധവും പൗരബോധവും രൂപീകരിക്കുക
* കുട്ടികളിൽ മതേതര മൂല്യങ്ങളും ജനാധിപത്യ കാഴ്ചപ്പാടും വളർത്തുക
* കുട്ടികളിൽ ശരിയായ മൂല്യങ്ങളും മനോഭാവവും വളർത്തുന്നതിന് സാമൂഹ്യശാസ്ത്രപഠനത്തെ പ്രയോജനപ്പെടുത്തുക
* സാമൂഹ്യപ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കുട്ടികളെ പ്രാപ്തരാക്കുക
* സാമൂഹ്യശാസ്ത്രത്തിൽ വൈഭവമുള്ള കുട്ടികളെ അതിന്റെ പൂർണ്ണതയിൽ എത്തിക്കുക.
* കരിക്കുലം ലക്ഷ്യം വെക്കുന്ന എല്ലാപഠനനേട്ടങ്ങളും എല്ലാ കുട്ടികളും ആർജ്ജിക്കുക.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | നടപ്പിലാക്കുന്ന രീതി | കാലയളവ് | ചുമതല | ധനകാര്യ വിശകലനം (സാമ്പത്തികം) | വിലയിരുത്തൽ |
|---|---|---|---|---|---|---|
| കുട്ടികളിൽ പഴയകാല ഉപകര ണങ്ങളെക്കുറിച്ച് ധാരണ നേടു ന്നതിന് | വീടുകളിൽ പഴയകാലത്ത് ഉപയോഗിച്ചിരുന്ന ഉപകരണങ്ങൾ സാധനങ്ങൾ എന്നിവ ശേഖരിച്ച് പ്രദർനം | ഉപകരണങ്ങളുടെ ഉപയോഗവുമായി ബന്ധപ്പെട്ട പ്രദർശനവും ക്ലാസ്സും | 2025–27 രണ്ട് വർഷം | എസ്.എസ്. ക്ലബ്ബ് | പി.ടി.എ 5000 | എസ്.ആർ.ജി സാമൂഹ്യശാസ്ത്ര അദ്ധ്യാപകർ |
| കുട്ടികളിലേക്ക് പ്രാദേശിക ചരിത്രത്തിന്റെ അറിവ് നേടു ന്നതിന് | സംഘടിപ്പിക്കുക<br>പ്രാദേശിക ചരിത്രം തയ്യാറാക്കൽ<br>ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഉള്ള | നാട്ടിലെ മുതിർന്ന പൗരൻമാരുടേയും പ്രാദേശിക ചരിത്രകാരൻമാരുടെയും സഹായത്തോടെ പ്രാദേശിക ചരിത്രരചന നടത്തുന്നു. | 2025–26 1 വർഷം | എസ്.എസ്. ക്ലബ്ബ് | സാമൂഹ്യശാസ്ത്ര അദ്ധ്യാപകൻ 5000 | സാമൂഹ്യശാസ്ത്ര അദ്ധ്യാപകർ |
| പ്ലാസ്റ്റിക് വസ്തുക്കളുടെ അനിയന്ത്രിതമായ ഉപയോഗം നിയന്ത്രിക്കൽ | പഠനയാത്ര<br>പരിസരശുചീകരണം മിഠായി കവറുകൾ കാമ്പസിനുള്ളിൽ നിയന്ത്രിക്കൽ | സ്കൂളിലെ മുഴുവൻ കുട്ടികളേയും ഉൾപ്പെടുത്തി ഗ്രീൻഫിംഗേർസ് എന്ന ഗ്രൂപ്പ് രൂപീകരിച്ച് പ്രവർത്തനം. ഓരോ കുട്ടിക്കും ഒരു തുണിസഞ്ചി നൽകുന്നു | 2025–26 | എസ്.എസ്. ക്ലബ്ബ് | സാമൂഹ്യശാസ്ത്ര അദ്ധ്യാപകർ | എസ്.ആർ.ജി |
| ചരിത്രപ്രാധാന്യമുള്ള ദിനങ്ങളും ആഘോഷങ്ങളെ ക്കുറിച്ചും ധാരണ നേരിടുന്ന തിന് | ദിനാചരണങ്ങൾ, അഭിമുഖം ക്ലാസ്സ് | വിവിധ പരിപാടികൾ, ചരിത്രകാരൻമാരുമായി അഭിമുഖം | 2025–26 | സബ്ജക്ട് കൗൺസിൽ | പി.ടി.എ | എസ്.ആർ.ജി സബ്ജക്ട് കൗൺസിൽ |
| കുട്ടികളിൽ പൗരബോധം രൂപീകരണം നടത്തുന്നതിന് | സ്കൂൾപാർലമെന്റ് രീപീകരണം | കുട്ടികൾക്ക് ചുമതല വിഭജിച്ച് നൽകുന്നു. | 2025–26 | സബ്ജക്ട് കൗൺസിൽ | സാമൂഹ്യശാസ്ത്ര അദ്ധ്യാപകർ | എസ്.ആർ.ജി സബ്ജക്ട് കൗൺസിൽ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | നടപ്പിലാക്കുന്ന രീതി | കാലയളവ് | ചുമതല | ധനകാര്യ വിശകലനം (സാമ്പത്തികം) | വിലയിരുത്തൽ |
|---|---|---|---|---|---|---|
| സാമൂഹ്യസേവനം മനസ്സിലാക്കുന്നതിന് | പാലിയേറ്റീവ പ്രവർത്തകരെ കൊണ്ട് ക്ലാസ്സ് സംഘടിപ്പി ക്കൽ | ബോധവൽകരണക്ലാസ്സ് ചെറിയ തുക ശേഖരിച്ച് സേവനത്തിന് ഉപയോഗിക്കുക | 2025–26 | സബ്ജക്ട് കൗൺസിൽ | പി.ടി.എ | എസ്.ആർ.ജി |
| പാഠഭാഗം ലളിതവും ആകർഷവും ആക്കുന്നതിന് | വർക്ക്ഷീറ്റ് ഐ.ടി അധിഷ്ഠിതമാക്കൽ ഫീൽസ്ട്രിപ്പ് | പാഠഭാഗവുമായി ബന്ധപ്പെട്ട മോഡലുകൾ നിർമ്മിക്കുന്നതിന് കുട്ടികൾക്ക് പരിശീലനം നൽകൽ | 2025–26 | പി.ടി.എ | പി.ടി.എ | സബ്ജക്ട് കൗൺസിൽ |
| ഭിന്നശേഷിക്കാരായ കുട്ടികൾക്ക് സാമൂഹ്യശാസ്ത്ര പഠനത്തിൽ അനുഭവപ്പെടുന്ന പ്രയാസം | പഠനോപകരണ നിർമ്മാണം, ഗ്ലോബ്, ഭൂപടനിർമ്മാണം ശിൽപശാല | ഗ്ലോബ്, ഭൂപട നിർമ്മാണം ഭിന്നശേഷി സൗഹൃദമായി തയ്യാറാക്കൽ | 2025–26 | പി.ടി.എ | പി.ടി.എ | എസ്.ആർ.ജി സബ്ജക്ട് കൗൺസിൽ |

# വിഷയം : ഫിസിക്കൽ സയൻസ്

## അവസ്ഥാ വിശകലനം

### പ്രശ്നങ്ങൾ

1. ശാസ്ത്ര വിഷയങ്ങൾ പഠിക്കാൻ പൊതുവെ ബുദ്ധിമുട്ടാണെന്ന വിശ്വാസം കുട്ടികളെ പിന്നിലേക്ക് നയിക്കുന്ന തരത്തിലുള്ള മനോഭാവം സൃഷ്ടിക്കുന്നു.
2. ശാസ്ത്ര വിഷയത്തിൽ പൊതുവെ പിന്നോക്കം നിൽക്കുന്നവരാണ് കുട്ടികൾ
3. ശാസ്ത്ര പഠനത്തിലെ പിന്തുണാ സംവിധാനത്തിന്റെ അപര്യാപ്തത-ലാബ് ഉപകരണങ്ങളുടെ കുറവ്
4. ദൈനംദിന ജീവിതവുമായി ബന്ധപ്പെട്ട കാര്യങ്ങളിലെ ശാസ്ത്രാശയങ്ങളെ കുറിച്ച് ധാരണയില്ലായ്മ.
5. ശാസ്ത്ര പഠനത്തിനും അധിക വിവരശേഖരണത്തിനുമായി ശാസ്ത്ര പുസ്തകങ്ങളെ പ്രയോജനപ്പെടുത്തുന്ന രീതി കുട്ടികളിൽ ഇല്ല.

## ലക്ഷ്യങ്ങൾ

1. ശാസ്ത്ര പഠനശേഷി വികസിപ്പിക്കുക.
2. ശാസ്ത്ര ലാബ്, ലൈബ്രറി ശാക്തീകരണം.
3. ശാസ്ത്രചിന്ത, ശാസ്ത്രബോധം, ശാസ്ത്ര നൈപുണി എന്നിവ എല്ലാ കുട്ടികളിലും വികസിപ്പിക്കുക.
4. ശരിയായ മൂല്യങ്ങളും മനോഭാവവും വളർത്തുന്നതിന് ശാസ്ത്ര പഠനത്തെ പ്രയോജനപ്പെടുത്തുക.
5. ശാസ്ത്രത്തിൽ സവിശേഷ വൈഭവമുള്ള കുട്ടികളെ അതിന്റെ പൂർണ്ണതയിൽ എത്തിക്കുക.
6. ശാസ്ത്ര കൗതുകം, ജിജ്ഞാസ, നിരീക്ഷണ പാഠവം എന്നിവ കുട്ടികളെ വളർത്തിയെടുക്കുക.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | നടപ്പിലാക്കുന്ന രീതി | കാലയളവ് | ചുമതല | ധനകാര്യ വിശകലനം (സാമ്പത്തികം) | വിലയിരുത്തൽ |
|---|---|---|---|---|---|---|
| കുട്ടികളിൽ കൗതുകം, ജിജ്ഞാ, നിരീക്ഷണ പാഠവം എന്നിവ പരി പോഷിപ്പിക്കുക | ലഘുപരീക്ഷണങ്ങൾ സഹപാഠി കൾക്ക് മുമ്പിൽ കുട്ടികൾ തന്നെ കാണിച്ചു കൊടുക്കാൻ അവസരം നൽകുന്നു. മോഡലുകൾ നിർമ്മിക്കുവാൻ ആവശ്യ മായ കാര്യങ്ങൾ പറഞ്ഞു കൊടുത്ത് കുട്ടികളെ കൊണ്ട് മോഡൽ നിർമ്മി ക്കുന്നു. പാഠങ്ങളുമായി ബന്ധപ്പെട്ട വസ്തു ക്കളുടെ പ്രവർത്തനം. | കുട്ടികൾക്ക് നിർദ്ദേശങ്ങൾ നൽകി അവരെകൊണ്ട് തന്നെ പരീക്ഷണങ്ങൾ ചെയ്യിപ്പിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അദ്ധ്യാപകൻ | പി.ടി.എ | സയൻസ് അദ്ധ്യാപകർ |
| ശാസ്ത്രലോകത്തേക്ക് കുട്ടികളെ കൈപിടിച്ചു യർത്താൻ നിരന്തരമായി അന്വേഷണം നടത്തു കയും ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്യാനുള്ള ശേഷി നേടുകയും ചെയ്യുന്നു. | ക്ലാസ്സുകളിൽ ലഘുപ്രൊജക്ട് കൊടുത്ത് മെച്ചപ്പെട്ടത് സ്കൂളിൽ പൊതുവായി അവതരിപ്പിക്കുന്നു. ക്ലാസ്സുകളിൽ സെമിനാർ പേപ്പറുകൾ അവതരിപ്പിച്ച് മെച്ചപ്പെട്ടത് പൊതുവേദികളിൽ അവതരിപ്പിക്കാ നുള്ള അവസരം നൽകുന്നു. ശാസ്ത്ര ശിൽപശാലകൾ സംഘടിപ്പിക്കുന്നു. | സെമിനാർ, പ്രൊജക്ട് അവതരണം, ചർച്ചകൾ എന്നിവ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അദ്ധ്യാപകൻ | പി.ടി.എ | സയൻസ് അദ്ധ്യാപകർ |
| സയൻസുമായി ബന്ധപ്പെട്ട പ്രാധാന ദിനാചരണങ്ങൾ സംഘടിപ്പിക്കുക. | സയൻസ് ക്ലബ്ബിന്റെ നേതൃത്വത്തിൽ വിവിധ ദിനാചരണങ്ങൾ ആഘോഷി ക്കുക. | ദിനാചരണ ഭാഗമായി ക്വിസ്സ് മത്സരം, പോസ്റ്റർ രചന തുടങ്ങിയവ | അക്കാദമിക വർഷം | സയൻസ് ക്ലബ്ബ് സയൻസ് അദ്ധ്യാപകൻ | പി.ടി.എ | സയൻസ് അദ്ധ്യാപകർ |
| കുട്ടികളിൽ ശാസ്ത്ര ബോധം വളർത്തുക | സയൻസ് ലാബ്, ഐ.ടി ലാബ്, സൗകര്യങ്ങൾ മെച്ചപ്പെടുത്തുക. ശാസ്ത്രപ്രസിദ്ധീകരണങ്ങൾ കുട്ടിക ൾക്ക് ലഭ്യമാക്കുക. | | അക്കാദമിക വർഷം | സയൻസ് അദ്ധ്യാപകൻ | പി.ടി.എ | സയൻസ് അദ്ധ്യാപകർ |
| കുട്ടികളിലെ ശാസ്ത്ര ജ്ഞരെ കണ്ടെത്തുക | പുതുപുത്തൻ ആശയങ്ങൾ കുട്ടികളിൽ നിന്നും ശേഖരിക്കുകയും അവ പരി പോഷിപ്പിക്കുകയും ചെയ്യുന്നു. സംസ്ഥാന,ദേശീയ തലത്തിലുള്ള ക്വിസ്സ് സെമിനാർ പ്രൊജക്ട് എന്നിവ യിൽ പങ്കെടുക്കുന്നു. | വൈ.ഐ.പി അദ്ധ്യാപ കന്റെ സഹായത്തോടെ കുട്ടികളിലെ ശാസ്ത്ര ജ്ഞരെ കണ്ടെത്തുക | അക്കാദമിക വർഷം | സയൻസ് അദ്ധ്യാപകൻ വൈ.ഐ.പി അദ്ധ്യാപകൻ | വൈ.ഐ.പി ഫണ്ട് | സയൻസ് അദ്ധ്യാപകർ |

# വിഷയം : ബയോളജി

**പ്രശ്നങ്ങൾ**

1. ശാസ്ത്ര പഠനത്തിലെ പിന്തുണനാസംവിധാനത്തിന്റെ അപര്യാപ്തത, ലാബ് ഉപകരണങ്ങളുടെ കുറവ്, ലാബ് മുറി സൗകര്യമില്ലായ്മ
2. ശാസ്ത്രീയമല്ലാത്ത പഠനരീതി കുട്ടികളിൽ പഠനവിരക്തിക്ക് കാരണമാകുന്നു.
3. ചുറ്റുപാടുകളെ ശാസ്ത്രീയമായി വ്യാഖ്യാനിക്കാൻ കുട്ടികൾ പ്രാപ്തരല്ല.
4. അധിക വിവരശേഖരണത്തിനായി ശാസ്ത്രപുസ്തകങ്ങളെ / ശാസ്ത്രലൈബ്രറി പ്രയോജനപ്പെയുത്തുന്ന രീതി കുട്ടികളിൽ ഇല്ല.
5. ദൈനംദിനജീവിതവുമായി ബന്ധപ്പെട്ട കാര്യങ്ങളിലെ ശാസ്ത്രാശയങ്ങളെക്കുറിച്ച് ധാരണയില്ലായ്മ.
6. പാരിസ്ഥിതിക അവബോധത്തിന്റെ കുറവ്.

**ലക്ഷ്യങ്ങൾ**

1. ശാസ്ത്രത്തിൽ സവിശേഷ വൈഭവമുള്ള കുട്ടികളെ അതിന്റെ പൂർണ്ണതയിൽ എത്തിക്കുക.
2. എല്ലാ പഠനനേട്ടങ്ങളും എല്ലാ കുട്ടികളും ആർജ്ജിക്കുക.
3. ശാസ്ത്രചിന്ത, ശാസ്ത്രഅവബോധം, ശാസ്ത്രനൈപുണി എന്നിവ എല്ലാ കുട്ടികളിലും വികസിപ്പിക്കുക.
4. ശാസ്ത്രപഠനത്തിൽ ഐ.സി.ടി സാധ്യത പ്രയോജനപ്പെടുത്താനുള്ള കഴിവ് നേടുക.
5. ശാസ്ത്രപഠനശേഷി വികസിപ്പിക്കുക.
6. പാരിസ്ഥിതികാവബോധം വളർത്തുക.
7. ശാസ്ത്രരീതി പ്രോത്സാഹിപ്പിക്കുക.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | നടപ്പിലാക്കുന്ന രീതി | കാലയളവ് | ചുമതല | ധനകാര്യ വിശകലനം (സാമ്പത്തികം) | വിലയിരുത്തൽ |
|---|---|---|---|---|---|---|
| ജീവശാസ്ത്രത്തെ നിത്യ ജീവിതവുമായി ബന്ധിപ്പിച്ച് ആശയങ്ങളുടെ പ്രാധാന്യം ബോധ്യപ്പെടുത്തൽ | ജീവിതശൈലീ രോഗ ങ്ങളുമായി ബന്ധപ്പെട്ട് ബോധവൽക്കരണക്ലാസ്സ് നൽകുന്നു. | കുട്ടികൾക്ക് ബോധവൽകരണ ക്ലാസ്സ് നൽകുന്നു. | അക്കാദമിക വർഷം | പരിസ്ഥിതി ക്ലബ്ബ് ജീവശാസ്ത്രം അദ്ധ്യാപകർ | ക്ലാസ്സ് കൈകാര്യം ചെയ്യുന്ന വ്യക്തിക്ക് നൽകുന്ന ചിലവ് പി.ടി.എ യി നിന്ന് എടുക്കുന്നു. | എസ്.ആർ.ജി ജീവശാസ്ത്രം അധ്യാപകർ |
| എല്ലാ ക്ലാസ്സുകളിലും (8,9,10) പാഠ്യപദ്ധതിയിൽ പറഞ്ഞിരിക്കുന്ന മുഴുവൻ നേട്ടങ്ങൾക്കും വിദ്യാർത്ഥികളെ അർഹരാക്കുക | വർക്ക്ഷീറ്റുകൾ തയ്യാറാക്കി നൽകുന്നു.യൂണിറ്റ് ടെസ്റ്റുകൾ നടത്തുക നിരന്തരം മൂല്യനിർണ്ണയം നടത്തുക. | വർക്ക് ഷീറ്റുകൾ, ചോദ്യങ്ങൾ എന്നിവ കുട്ടികൾക്ക് നൽകുന്നു. | പ്രതിമാസം | ജീവശാസ്ത്രം അദ്ധ്യാപകർ | വർക്ക് ഷീറ്റുകൾ തയ്യാറാക്കുന്നതിന് ആവശ്യമായ ചിലവുകൾ അധ്യാപകർ വഹിക്കുന്നു. | ജീവശാസ്ത്രം അധ്യാപകർ |
| ജീവശാസ്ത്രവുമായി ബന്ധപ്പെട്ട പ്രധാനദിനാചരണങ്ങൾ സംഘടിപ്പിക്കുക. | പരിസ്ഥിതി ക്ലബ്ബിന്റെ നേതൃത്വത്തിൽ വിവിധ ദിനാചരണങ്ങൾ ആഘോഷിക്കുക (പരിസ്ഥിതി ദിനം, പാമ്പ ദിനം, എയ്ഡ്സ് ദിനം, ഹൃദയദിനം) | ദിനാചരണങ്ങളുടെ ഭാഗമായി പോസ്റ്റർ രചന, ക്വിസ്സ് മത്സരം, ചിത്രരചന, ഡിജിറ്റൽ പോസ്റ്റർ രചന എന്നിവ നടത്തി പ്രദർശിപ്പിക്കുന്നു. ബോധവൽക്കരണക്ലാസ്സുകൾ നൽകുന്നു. | അക്കാദമിക വർഷം | പരിസ്ഥിതിക്ലബ്ബ് ശാസ്ത്രക്ലബ്ബ് ലിറ്റിൽ കൈറ്റ്സ് ക്ലബ്ബ് | പി.ടി.എ, എസ്.എം.സി, ക്ലബ്ബ് ഫണ്ട് | എസ്.ആർ.ജി ജീവശാസ്ത്രം അധ്യാപകർ |
| ശാസ്ത്രസർഗ്ഗാത്മകതയ്ക്ക് അവസരം ഒരുക്കൽ | ശാസ്ത്രപുസ്തകങ്ങളുടെ വായനയ്ക്ക് അവസരം ഒരുക്കൽ | ശാസ്ത്രപുസ്തകം വായിച്ച് ആസ്വാദനക്കുറിപ്പ് തയ്യാറാക്കി ക്ലാസ്സുകളിൽ അവതരിപ്പിക്കുന്നു. | പ്രതിമാസം | ശാസ്ത്രാധ്യാപകർ പരിസ്ഥിതി ക്ലബ്ബ് ജീവശാസ്ത്രം അധ്യാപകർ | | ജീവശാസ്ത്രം അധ്യാപകർ |
| ശാസ്ത്രീയ മനോഭാവം ഉറപ്പിക്കൽ | സെമിനാറുകൾ, ബോധ വൽക്കരണ ക്ലാസ്സുകൾ, സംവാദങ്ങൾ തുടങ്ങിയവ സംഘടിപ്പിക്കൽ | സെമിനാർ, സംവാദങ്ങൾ, ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുന്നു. | അക്കാദമിക വർഷം | പരിസ്ഥിതിക്ലബ്ബ് വിദ്യാർഥികൾ ശാസ്ത്രാധ്യാപകർ | | |

# വിഷയം : ആരോഗ്യകായിക വിദ്യാഭ്യാസം

## അവസ്ഥാ വിശകലനം

### പ്രശ്നങ്ങൾ

1. കുട്ടികളിലെ ശാരീരികാരോഗ്യം മാനസികാരോഗ്യം, സാമൂഹികാരോഗ്യം എന്നിവയുടെ അപാകത
2. നല്ല ജീവിതശൈലി രൂപീകരണത്തിന്റെ അപാകത
3. പോഷകാഹാരക്കുറവും അതിലൂടെ ആരോഗ്യം മെച്ചപ്പെടുത്തുവാനുള്ള അപര്യാപ്തതയും
4. നീന്തൽ പഠിക്കുവാനുള്ള സൗകര്യക്കുറവ്
5. കായിക പരിശീലനത്തിന് ഏർപ്പെടാനുള്ള സൗകര്യക്കുറവ്, സ്പോർട്സ് എക്യുപ്പ്മെന്റിന്റെ കുറവ്
6. സമൂഹത്തിൽ കായിക സംസ്കാരം വളർത്തിയെടുക്കാത്തതിന്റെ അപര്യാപ്തത

### ലക്ഷ്യങ്ങൾ

1. കായിക പരിശീനത്തിലൂടെ ശാരീരികാരോഗ്യം, മാനസികാരോഗ്യം, സാമൂഹികാരോഗ്യം എന്നിവ കൈവരിക്കാം.
2. ദിവസേന ചെയ്യുന്ന വ്യായാമത്തിലൂടെയും പോഷകാഹാരത്തിലൂടെയും നല്ല ജീവിതശൈലി രൂപീകരിക്കാം.
3. നീന്തൽ പരിശീലനത്തിലൂടെ സ്വയം രക്ഷയ്ക്കും ഹൃദയശ്വസനക്ഷമത കൂട്ടാനും കായികക്ഷമത വർദ്ധിപ്പിക്കാൻ പ്രയോജനപ്പെടുത്തുക
4. വിവിധ കായിക മത്സരങ്ങളിലൂടെ കായിക സംസ്കാരം വളർത്തിയെടുക്കാനും കളികളെക്കുറിച്ച് മനസ്സിലാക്കാനും കളിക്കാനുള്ള അവസരങ്ങൾ സൃഷ്ടിക്കാനും കഴിയുന്നു.
5. കായിക മത്സരങ്ങളിൽ ഏർപ്പെടുമ്പോൾ അവരുടെ കഴിവുകൾ പ്രകടിപ്പിക്കാനുള്ള അവസരം ലഭിക്കുന്നു.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | നടപ്പിലാക്കുന്ന രീതി | കാലയളവ് | ചുമതല | ധനകാര്യ വിശകലനം (സാമ്പത്തികം) | വിലയിരുത്തൽ |
|---|---|---|---|---|---|---|
| സ്കൂളിലെ മുഴുവൻ കുട്ടികൾക്കും ശാരീരികാരോഗ്യം, മാനസികാരോഗ്യം, സാമൂഹികാരോഗ്യം, ഹൃദയശ്വസന ക്ഷമത എന്നിവ കൈവരിക്കാൻ | മ്യൂസിക്കിന്റെ റിഥം അനുസരിച്ച് കുട്ടികൾക്ക് വേണ്ട എക്സർസൈസ് (സുംബ ഡാൻസ്) | ഒരു ദിവസം ഒരു ക്ലാസ്സ് (ഡിവിഷൻ) എന്ന രീതിയിൽ ചിട്ടപ്പെടുത്തുന്നു. | ജൂൺ- ജൂലൈ | ഫിസിക്കൽ എഡ്യുക്കേഷൻ ടീച്ചർ | വിദ്യാലയ വികസനസമിതി | കായിക അധ്യാപിക |
| ജീവിതശൈലി രൂപീകരണം ജീവിതത്തിലുടനീളം ആരോഗ്യ പൂർണ്ണമായ ജീവിത ശൈലി പിന്തുടരാൻ, സാധ്യമാക്കുക എന്നതാണ് ലക്ഷ്യം. | ജീവിതത്തിൽ വ്യായാമത്തിന്റെ പ്രാധാന്യം മനസ്സിലാക്കാനും അതിനോടനുബന്ധിച്ചുള്ള കളികൾ ക്ലാസ്സിൽ നൽകുന്നു. | ക്ലാസ്സിൽ കളിക്ക് മുമ്പുള്ള വാമിംഗ് എക്സർസൈസിന്റെ പ്രാധാന്യവും കളിക്ക് ശേഷമുള്ള കൂളിംഗ് ഡൗൺ എക്സർസൈസിന്റെ പ്രാധാന്യവും മനസ്സിലാക്കി കൊടുക്കുന്നു. | ആഗസ്റ്റ്- ഒക്ടോബർ | കായിക അധ്യാപിക | പി.ടി.എ | കായിക അധ്യാപിക |
| നല്ല ആരോഗ്യം കൈവരിക്കാൻ വേണ്ട പോഷകാഹാരത്തിന്റെ പ്രാധാന്യം മനസ്സിലാക്കുക എന്നതാണ് ലക്ഷ്യം | പോഷകാഹാരങ്ങളുടെ ചാർട്ട് നിർമ്മിക്കാൻ ആവശ്യപ്പെടുന്നു. | കുട്ടികൾക്ക് നിർദ്ദേശങ്ങൾ ചാർട്ട് നിർമ്മിക്കാൻ ആവശ്യപ്പെടുന്നു. | ആഗസ്റ്റ്- ഒക്ടോബർ | കായിക അധ്യാപിക | പി.ടി.എ | കായിക അധ്യാപിക |
| ജീവിതശൈലി രോഗങ്ങളെക്കുറിച്ചും പോഷകാഹാരക്കുറവ് മൂലമുണ്ടാകുന്ന രോഗങ്ങളെക്കുറിച്ചും അവബോധം സൃഷ്ടിക്കുക | നിങ്ങളുടെ ഒരു ദിവസം ചാർട്ട് നിർമ്മിച്ച് എഴുതാം എന്ന് ആവശ്യപ്പെടുന്നു. ചുറ്റും കാണുന്ന രോഗങ്ങളെ കുറിച്ചുള്ള ചാർട്ട് നിർമ്മിക്കാൻ ആവശ്യപ്പെടുന്നു. | ആഹാരത്തിലൂടെയും വ്യായാമത്തിലൂടെയും രോഗങ്ങളെ എങ്ങനെ തടയാം എന്ന്നിർദ്ദേശിക്കുന്നു. അതിനോടനുബന്ധമായ കളികളിൽ ഏർപ്പെടുന്നു. | ഒക്ടോബർ- നവംബർ | കായിക അധ്യാപിക | വിദ്യാലയ വികസന സമിതി | കായിക അധ്യാപിക |
| ഉയരത്തിനനുസരിച്ച് ശരീര ഭാരം വിലയിരുത്താൻ വേണ്ട BMI-Body Mass Index നെ അവബോധം സൃഷ്ടിക്കുന്നു. | മൂന്ന് മാസം കൂടും തോറും ഉയരം, ഭാരം എന്നിവ BMI അളന്ന് ചിട്ടപ്പെടുത്തുന്നു. | ക്ലാസ്സ് തലത്തിൽ ഉയരം, ഭാരം അളന്ന് BMI calculate ചെയ്യാനുള്ള നിർദ്ദേശം കൊടുക്കണം. | ജൂൺ- ഫെബ്രുവരി | കായിക അധ്യാപിക | പി.ടി.എ | കായിക അധ്യാപിക |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | നടപ്പിലാക്കുന്ന രീതി | കാലയളവ് | ചുമതല | ധനകാര്യ വിശകലനം (സാമ്പത്തികം) | വിലയിരുത്തൽ |
|---|---|---|---|---|---|---|
| സ്കൂളിലെ മുഴുവൻ കുട്ടികൾക്കും നീന്തൽ പരിശീലനം (പഠനം) ഉറപ്പാക്കുക എന്നതാണ് ലക്ഷ്യം. | സ്കൂളിലെ ഓരോ ക്ലാസ്സിലെ കുട്ടികളേയും സ്കൂൾ പരിസരവാസികളുടെ സഹായത്തോടെ സ്കൂൾ പരിസരത്തുള്ള കുളത്തിൽ പോയി നീന്തൽ പരിശീലിപ്പിക്കുക. | ഒരു മാസം ഒരു ക്ലാസ്സ് എന്ന രീതിയിൽ പരിശീലനം പൂർത്തിയാക്കാൻ തീരുമാനിച്ചു. | ജൂൺ- ഫെബ്രുവരി | കായിക അധ്യാപിക നീന്തൽ പരിശീലകൻ | വിദ്യാലയത്തിലെ പി.ടി.എ, എം.പി.ടി.എ, എസ.എം.സി, പൂർവ്വവിദ്യാർഥികൾ എന്നിവരുടെ സഹായത്തോടെ | കായിക അധ്യാപിക നീന്തൽ പരിശീലകൻ |
| സ്കൂളിലെ മുഴുവൻ കുട്ടികൾക്കും യോഗ പരിശീലനം. കുട്ടികളുടെ മാനസികാരോഗ്യം, രോഗപ്രതിരോധശേഷി, അയവ്, ബാലൻസ്, ഹൃദയശ്വസനക്ഷമത എന്നിവ കൈവരിക്കാൻ | ജൂൺ-21 യോഗാദിനം അതിവിപുലമായി ആഘോഷിക്കുകയും, യോഗയുടെ പ്രാധാന്യം കുട്ടികളിൽ എത്താൻ വേണ്ടിയുള്ള ഡിമോൺ സ്ട്രേഷൻ ക്ലാസ്സ് സംഘടിപ്പിക്കുക. | ഓരോക്ലാസ്സിലെ കുട്ടികൾക്ക് വേണ്ട ഡിമോൺസ്ട്രേഷൻ ക്ലാസ്സ് നൽകുക. | ജൂൺ- ഫെബ്രുവരി | കായിക അധ്യാപിക യോഗ ഇൻസ്ട്രക്ടർ | പി.ടി.എ | കായിക അധ്യാപിക |
| വിവിധതരം കായികയിനങ്ങളുടെ മത്സരങ്ങൾ സ്കൂൾ തലത്തിൽ സംഘടിപ്പിക്കുക ഇതിലൂടെ കുട്ടികൾക്ക് കളികളെ കുറിച്ച് മനസ്സിലാക്കാനും സബ്ജില്ല, ജില്ല, സംസ്ഥാന തലത്തിൽ പങ്കെടുക്കാനുള്ള അവസരങ്ങൾ സൃഷ്ടിക്കുക. | വിവിധ മത്സരങ്ങൾ കബഡി, ഖൊ-ഖൊ, ഫുട്ബോൾ, വോളീബോൾ, എന്നിവ നടത്തുക. എല്ലാശനിയാഴ്ചകളിലും മത്സരത്തിനുള്ള സമയം നിശ്ചയിച്ചു. | സ്പോർട്സ് ക്ലബ്ബിന്റെ സഹായത്തോടെ മത്സരങ്ങൾ സംഘടിപ്പിക്കുക. | ജൂൺ- ഡിസംബർ | സ്പോർട്സ് ക്ലബ്ബ് | പി.ടി.എ, എം.പി.ടി.എ, എസ്.എം.സി | കായിക അധ്യാപിക |
| കായികപരമായിട്ടുള്ള നേട്ടങ്ങൾ കൈവരിക്കാൻ Annual Athletic Sports Meet സംഘടിപ്പിക്കുക | സ്കൂളിലെ എല്ലാ ടീച്ചർമാരുടേയും കുട്ടികളുടേയും പി.ടി.എ, എം.പി.ടി.എ, എസ്.എം.സി ഭാരവാഹികളുടെ സഹായത്തോടെ നടപ്പിലാക്കുക | കുട്ടികളെ വിവിധ ഹൗസുകളായി തിരിച്ച് മത്സരങ്ങൾ നടത്തുക | സെപ്റ്റംബർ | കായിക അധ്യാപിക സ്കൂൾതല സമിതികൾ | വിദ്യാലയ അംഗങ്ങൾ പി.ടി.എ, എം.പി.ടി.എ, എസ്.എം.സി, സ്പോൺസേർസ് എന്നിവരുടെ സഹായത്തോടെ | കായിക അധ്യാപിക മറ്റ് അധ്യാപകർ |